ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഖത്തർ അമീർ ഷെയ്ഖ് തമിം ബിൻ ഹമദ് അൽ താനിയടക്കമുള്ള ലോകനേതാക്കളുമായി പശ്ചിമേഷ്യയിലെ സാഹചര്യങ്ങൾ വിലയിരുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി ; സമാധാനം പുനഃസ്ഥാപിക്കാൻ സഹകരിച്ചു പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി.

   Prime Minister Narendra Modi reviewed the situation in West Asia with world leaders including Qatari Emir Sheikh Tamim bin Hamad Al Thani; The Prime Minister expressed willingness to work together to restore peace.

2. ഗൾഫ് മേഖലയിൽ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങളിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ; എൽപിജി ലഭ്യതയിൽ ആഭ്യന്തര ഉപഭോക്താക്കൾക്ക് മുൻഗണന നൽകുമെന്നും കേന്ദ്ര സർക്കാർ.

   India expressed concern over the attacks on energy infrastructure in the Gulf region; The central government said that it will give priority to domestic consumers in the availability of LPG.

3. കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ മത്സരചിത്രം തെളിഞ്ഞു. രണ്ടാംഘട്ട പട്ടികയുമായി കോൺഗ്രസ്; പ്രചാരണം ശക്തമാക്കി മൂന്ന് മുന്നണികളും.

   Kerala Assembly Polls Heat Up. Congress published the second list of its candidates; All three fronts have intensified their campaign.

4. തിരഞ്ഞെടുപ്പ് കാര്യക്ഷമമാക്കുന്നതിനും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം ഉറപ്പാക്കുന്നതിനുമുള്ള

ഇലക്ഷൻ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ ഉദ്ഘാടനം ചെയ്തു.

**Chief Electoral Officer Ratan U. Khelkar inaugurated the Election Learning Management System to make elections efficient and ensure better training for election officials.**

5. ഇസ്ലാംമത വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു; നമസ്കാരത്തിനൊരുങ്ങി ഈദ്ഗാഹുകളും പള്ളികളും.

   **Muslims celebrate Eid today; Eidgahs and mosques are ready for prayers.**

6. ഫ്രാൻസിൽ നടക്കുന്ന ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റണിന്റെ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ തൻവി ശർമ്മ ക്വാർട്ടർ ഫൈനലിൽ.

   **India's Tanvi Sharma enters the quarterfinals of the women's singles event of the Orleans Masters badminton tournament in France.**

*******************************************

## PM-AMIR QATAR

പ്രധാനമന്ത്രി നരേന്ദ്ര മോദി ഖത്തർ അമീർ ഷെയ്ഖ് തമിം ബിൻ ഹമദ് അൽ താനിയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഖത്തറിലെ ജനങ്ങൾക്ക് ശ്രീ മോദി ഈദ് ആശംസകൾ നേർന്നു. ഇന്ത്യ ഖത്തറിനൊപ്പമാണെന്നും, ഊർജ്ജ കേന്ദ്രങ്ങൾക്കു നേരെയുള്ള ആക്രമണത്തെ അപലപിക്കുന്നതായും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഖത്തറിലെ ഇന്ത്യൻ സമൂഹത്തിനു നൽകിയ കരുതലിനും പരിരക്ഷക്കും പ്രധാനമന്ത്രി നന്ദി പറഞ്ഞു. സുരക്ഷിതമായ ഹോർമുസ് കടലിടുക്കാണ് ഇരുരാജ്യങ്ങളും ആഗ്രഹിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*******************************************

## NARENDRA MODI - WEST ASIA

പശ്ചിമേഷ്യൻ സംഘർഷം വിലയിരുത്തുന്നതിന്റെ ഭാഗമായി ഒമാൻ , ജോർദാൻ, ഫ്രാൻസ്, മലേഷ്യ എന്നീ രാജ്യങ്ങളുടെ

നേതാക്കളുമായും പ്രധാനമന്ത്രി ചർച്ച നടത്തി. ഇന്ത്യയുടെ പ്രഥമപരിഗണന സമാധാനത്തിനാണെന്നും ചർച്ചകൾക്കും നയതന്ത്രത്തിനും ഇന്ത്യ സജ്ജമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഒമാന്റെ പരമാധികാരത്തിനു മേലുള്ള കടന്നുകയറ്റത്തെ ഇന്ത്യ അപലപിക്കുന്നതായി ശ്രീ.മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. പശ്ചിമേഷ്യയിലെ ഊർജോൽപ്പാദന കേന്ദ്രങ്ങൾക്കുനേരെ നടത്തുന്ന ആക്രമണം ഒഴിവാക്കേണ്ടതാണെന്ന് ജോർദാൻ രാജാവ് അബ്ദുല്ല രണ്ടാമനായി നടത്തിയ ചർച്ചയിൽ ശ്രീ മോദി വ്യക്തമാക്കി.

**************************************************

## INTER-MINISTERIAL BRIEFING

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ തടസ്സരഹിതമായ ഊർജ്ജ വിതരണം ഉറപ്പാക്കുന്നതിനായി കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തോളം ഗാർഹിക, വാണിജ്യ പിഎൻജി കണക്ഷനുകൾ നൽകിയിതായി കേന്ദ്ര സർക്കാർ. പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മയാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഗതാഗത ആവശ്യങ്ങൾക്കായി പിഎൻജി, സിഎൻജി എന്നിവയുടെ 100 ശതമാനം വിതരണം ഉറപ്പാക്കിയിട്ടുണ്ടെന്നും അവർ വ്യക്തമാക്കി. ഹോർമുസ് കടലിടുക്ക് ഉൾപ്പെടെ ഗൾഫ് മേഖലയിലെ എല്ലാ ഇന്ത്യൻ കപ്പലുകളും സുരക്ഷിതമാണെന്ന് തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയ സെക്രട്ടറി രാജേഷ് കുമാർ സിൻഹ പറഞ്ഞു.

**************************************************

## EUROPEAN COUNTRIES - HORMUZ (INTRO)

ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതമായ ഗതാഗതം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, നെതർലാൻഡ്സ്, ജപ്പാൻ എന്നീ രാജ്യങ്ങൾ തീരുമാനിച്ചു. **വിശദാംശങ്ങളിലേക്ക്.........**

(വോയ്സ്)

**EUROPEAN COUNTRIES – HORMUZ (V.O)**

വാണിജ്യ കപ്പൽ ഗതാഗതം തടയാനുള്ള ശ്രമങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്ന് ഈ ആറ് രാജ്യങ്ങളും ഇറാനോട് ആവശ്യപ്പെട്ടു. അന്താരാഷ്ട്ര കപ്പൽ ഗതാഗതത്തിലെതടസ്സങ്ങൾ ആഗോള ഊർജ്ജ വിതരണ ശൃംഖലയ്ക്കും അന്താരാഷ്ട്ര സമാധാനത്തിനും ഭീഷണിയാണെന്ന് അവർ വ്യക്തമാക്കി. സമുദ്രഗതാഗതെ സ്വാതന്ത്ര്യം അന്താരാഷ്ട്ര നിയമത്തിന്റെ അടിസ്ഥാന തത്വമാണെന്നും ഈ രാജ്യങ്ങൾ പറഞ്ഞു. ഹോർമുസ് കടലിടുക്ക് തുറക്കാൻ സഹായിക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നേരത്തെ ലോകരാജ്യങ്ങളോടും നാറ്റോയോടും അഭ്യർത്ഥിച്ചിരുന്നു. അതിനിടെ ഇറാനെതിരായ ആക്രമണങ്ങളിൽ അമേരിക്കയെ സഹായിക്കുന്ന രാജ്യങ്ങൾ അനന്തരഫലങ്ങൾ നേരിടേണ്ടിവരുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയം മുന്നറിയിപ്പ് നൽകി. അമേരിക്കയും ഇസ്രായേലും നടത്തുന്ന ആക്രമണം തടയാൻ ലോകരാജ്യങ്ങൾ നടപടി സ്വീകരിക്കണമെന്ന് ഇറാൻ ആവശ്യപ്പെട്ടു. **ന്യൂസ് ഡസ്ക്, ആകാശവാണി.**

****************************************

**MEA BRIEFING (INTRO)**

ഗൾഫ് മേഖലയിലെ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങളിൽ ആശങ്ക അറിയിച്ച് ഇന്ത്യ. അനിശ്ചിതത്വത്തിലായ ആഗോള ഊർജ്ജ സാഹചര്യത്തെ ഇത്തരം ആക്രമണങ്ങൾ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് ന്യൂഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. എൽപിജി ലഭ്യത കേന്ദ്ര സർക്കാർ കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്നും ആഭ്യന്തര ഉപഭോക്താക്കൾക്ക് മുൻഗണന നൽകുന്നുണ്ടെന്നും അദ്ദേഹം റഞ്ഞു. ബംഗ്ലാദേശ്, ശ്രീലങ്ക, മാൽദീവ്സ് ഉൾപ്പെടെയുള്ള

അയൽ രാജ്യങ്ങൾ ഊർജ്ജ സഹായം തേടിയിട്ടുണ്ടെന്ന് ജയ്സ്വാൾ വ്യക്തമാക്കി.

(ഹോൾഡ്) (വോയ്സ്)

************************************

## JAISHANKAR–ISRAEL'S FM

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇസ്രായേൽ വിദേശകാര്യ മന്ത്രി ഗിഡിയോൺ സാറുമായി ടെലിഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യൻ സംഘർഷവും പ്രത്യാഘാതങ്ങളും ചർച്ചയായി. യുഎഇ അന്താരാഷ്ട്ര സഹകരണ സഹമന്ത്രി റീം അൽ ഹാഷിമിയുമായി ശ്രീ ജയ്ശങ്കർ ഇന്നലെ കൂടിക്കാഴ്ച്ച നടത്തിയിരുന്നു. ഇന്ത്യക്കാരുടെ സുരക്ഷയ്ക്കായി യുഎഇ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾക്ക് വിദേശകാര്യ മന്ത്രി നന്ദി അറിയിച്ചു.

************************************

## PRESIDENT – VRINDAVAN

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ ഉത്തർപ്രദേശിലെ വൃന്ദാവൻ ഇസ്കോൺ ക്ഷേത്രത്തിലും പ്രേം മന്ദിറിലും ദർശനം നടത്തി. മൂന്ന് ദിവസത്തെ യു പി സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ഇന്നലെ അയോദ്ധ്യയിലെ രാമജന്മഭൂമി ക്ഷേത്രദർശനം നടത്തിയിരുന്നു. ഇന്ന്, വൃന്ദാവൻ രാമകൃഷ്ണ മിഷൻ സേവാശ്രമത്തിന്റെ ഓൺകോളജി ബ്ലോക്ക് രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

************************************

## RAJNATH SINGH

വരുംവർഷങ്ങളിൽ ഇന്ത്യ തദ്ദേശീയ ഡ്രോൺ നിർമാണത്തിന്റെ ആഗോളകേന്ദ്രമായി മാറണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന നാഷണൽ ഡിഫെൻസ് ഇൻഡസ്ട്രീസ് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡ്രോൺ നിർമാണത്തിൽ രാജ്യം സ്വയം പര്യാപ്തത കൈവരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

************************************************

## PIYUSH GOYAL-UK MP

യുകെ പാർലമെന്റിലെ ബിസിനസ് ആൻഡ് ട്രേഡ് സെലക്ട് കമ്മിറ്റി ചെയർമാനും എംപിയുമായ ലിയാം ബൈർണിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘവുമായി വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ കൂടിക്കാഴ്ച നടത്തി. സാമ്പത്തിക വളർച്ച, സുസ്ഥിര വികസനം, നൂതനാശയങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യ–യുകെ ബന്ധം ശക്തിപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തു. സാൽവറ്റോർ അനസ്റ്റസിയുടെ നേതൃത്വത്തിലുള്ള അമേരിക്കൻ ഇന്റലക്ച്വൽ പ്രോപ്പർട്ടി ലോ അസോസിയേഷൻ പ്രതിനിധി സംഘവുമായും ശ്രീ ഗോയൽ കൂടിക്കാഴ്ച നടത്തി.

************************************************

## EID

സംസ്ഥാനത്ത് ഇന്ന് ചെറിയ പെരുന്നാൾ. നമസ്കാരത്തിനായി ഈദ്ഗാഹുകളും പള്ളികളും ഒരുങ്ങി. ഇന്നലെ മലപ്പുറം പരപ്പനങ്ങാടിയിൽ മാസപ്പിറ കണ്ടതോടെയാണ് ഇന്ന് ചെറിയ പെരുന്നാളാണെന്ന് വിവിധ ഖാസികൾ പ്രഖ്യാപിച്ചു. മാസപ്പിറവി കണ്ടതോടെ ആഘോഷങ്ങൾക്ക് തുടക്കമായി. ഒമാൻ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളിലും ഇന്നാണ് പെരുന്നാൾ. ഏറെക്കാലത്തിനുശേഷമാണ് കേരളത്തിലുൾപ്പെടെ പെരുന്നാൾ ഒരുമിച്ചുവരുന്നത്.

*****************************************************

## KERALAM ELECTION (INTRO)

കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ മത്സര ചിത്രം തെളിഞ്ഞു. മൂന്ന് മുന്നണികളും ഇന്ന് മുതൽ പ്രചാരണം ശക്തമാക്കും. **വിശദാംശങ്ങളിലേക്ക്.......**

(വോയ്‌സ്)

## KERALAM ELECTION (V.O)

കോൺഗ്രസ് 37 മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ കൂടി പ്രഖ്യാപിച്ചതോടെ യുഡിഎഫ് ക്യാമ്പ് സജീവമായി. പെരുമ്പാവൂരിൽ സിറ്റിംഗ് എംഎൽഎ എൽദോസ് കുന്നപ്പിള്ളിയ്ക്ക് പകരം പകരം മനോജ് മൂത്തേടൻ സ്ഥാനാർത്ഥിയാകും. നേമത്ത് ശബരീനാഥനും കൊച്ചിയിൽ മുഹമ്മദ് ഷിയാസും മറ്റുസാരിക്കും. തർക്കങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും ഒടുവിൽ താൻ പാർട്ടിക്ക് വിധേയനെന്നും കോൺഗ്രസ് വിടില്ലെന്നും മുതിർന്ന നേതാവ് കെ. സുധാകരൻ പ്രഖ്യാപിച്ചത് കോൺഗ്രസിന് ആശ്വാസമായിട്ടുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ ധർമടത്ത് പത്രിക സമർപ്പിച്ചതോടെ എൽ ഡി എഫ് പ്രചാരണം അടുത്ത ഘട്ടത്തിലേക്ക് കടന്നു. തിരുവനന്തപുരം മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർത്ഥിയെ ഇന്ന് പ്രഖ്യാപിച്ചേക്കും. ബിജെപിയുടെ മൂന്നാം പട്ടിക ഉടൻ പുറത്തുവരുമെന്നാണ് സൂചന. ഇതുവരെ രണ്ട് ഘട്ടങ്ങളിലായി 86 മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെയാണ് ബിജെപി പ്രഖ്യാപിച്ചത്. **ന്യൂസ് ഡസ്ക്, ആകാശവാണി.......**

*****************************************************

## ELMS-CEO

തിരഞ്ഞെടുപ്പ് കാര്യക്ഷമമാക്കുന്നതിനും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം ഉറപ്പാക്കുന്നതിനുമായി

തയ്യാറാക്കിയ ഇലക്ഷൻ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം ELMS മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ ഉദ്ഘാടനം ചെയ്തു. രാജ്യത്ത് ആദ്യമായാണ് തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർക്കായി ഒരു ഇ-ലേണിംഗ് പ്ലാറ്റ് ഫോം നിലവിൽ വരുന്നത്. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ നവീകരണവും കൃത്യതയും ഉറപ്പാക്കുന്നതിനുള്ള നാഴികക്കല്ലാണ് ഈ പദ്ധതിയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

*************************************

## HOME VOTING/ POSTAL

നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യുന്നവർക്ക് അപേക്ഷ നൽകാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. തിരഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടലിൽ നിന്നു ഡൗൺലോഡ് ചെയ്തെടുത്ത ഫോം 12 ഡി-യിൽ ബൂത്ത് ലവൽ ഓഫിസർ മുഖേനയോ നേരിട്ട് റിട്ടേണിങ്ങ് ഓഫീസർക്കോ അപേക്ഷ നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. 85 വയസ് പിന്നിട്ടവർക്കും 40 ശതമാനത്തിലേറെ ഭിന്ന ശേഷിയുള്ളവർക്കുമാണ് നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യാനാവുക.

*************************************

## BADMINTON

ഫ്രാൻസിൽ നടക്കുന്ന ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റണിന്റെ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ തൻവി ശർമ്മ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. മറ്റൊരു ഇന്ത്യൻ താരമായ അൻമോൽ ഖാർബിനെയാണ് തൻവി പരാജയപ്പെടുത്തിയത്. പുരുഷ ഡബിൾസിൽ അർജുൻ മഠത്തിൽ രാമചന്ദ്രൻ- ഹരിഹരൻ അംസകരുണൻ സഖ്യവും ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

*****************************************************************************************

*************************************